**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2639 27.1.2014 -ൽ മറുപടിയ്ക്ക്

<u>നിരോധിക്കപ്പെട്ട മരുന്നുകൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| എ) | 2011 മുതൽ 2013 വരെ ഗുണമേന്മയില്ലാത്തതിനാലും മറ്റ് കാരണങ്ങളാലും എത്ര മരുന്നുകൾ നിരോധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | 2011 മുതൽ 2013 വരെ ഗുണമേന്മയില്ലാത്തതിനാലും മറ്റ് കാരണങ്ങളാലും 491 ബാച്ചിൽപ്പെട്ട മരുന്നുകൾ നിരോധിച്ചിട്ടു ണ്ട്. |
| ബി) | പ്രസ്തുത മരുന്നുകൾ കടകളിൽ നിന്നും ഫാർമസികളിൽ നിന്നും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞതായി പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകളുടെയും നിരോധിത മരുന്നുകളുടെയും വിശദാംശങ്ങൾ മരുന്നു നിർമ്മാണ വിതരണ/ വില്പനയുമായി ബന്ധപ്പെട്ടവർക്ക് SMS ചെയ്യുന്നു ണ്ട് . കൂടാതെ ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നിരന്തരമായ പരിശോധനകളിലൂടെ ഇത്തരത്തിലുള്ള ഗുണനിലവാരം കുറഞ്ഞതും, നിരോധിത മരുന്നുകളും വിപണിയിൽ വിറ്റഴിക്കപ്പെടുന്നു ണ്ടോ എന്ന് ഊർജ്ജിതമായി അന്വേഷിക്കുകയും ഇത്തരം മരുന്നുകൾ വില്പന നടത്തുന്നതായി ക ണ്ടെ ത്തിയാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു ണ്ട്. |
| സി) | നിരോധിക്കപ്പെട്ട മരുന്നുകൾ ഏതെല്ലാമാണെന്ന് ഉപഭോക്താക്കളെ അറിയി ക്കുന്ന തിനും ബോധവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നുകളുടെയും നിരോധിത മരുന്നുകളുടെയും വിശദാംശങ്ങൾ ഉടൻ തന്നെ ആരോഗ്യമേഖലയിൽപ്രവർത്തിക്കുന്നവർക്കും,മരുന്നു നിർമ്മാണ,വിതരണ വിൽപനയുമായി ബന്ധപ്പെട്ടവർക്കും വകുപ്പിൽ പുതുതായി പ്രവർത്തനം ആരംഭിച്ച XLN Software ലെ SMS സംവിധാനം വഴി അറിയിക്കുന്നുണ്ട് |

| | | |
|---|---|---|
| (ഡി) | നിരോധിച്ച മരുന്നുകൾ വില്പന നടത്തിയതിന് ഏതെങ്കിലും സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ എതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ? | നിരോധിച്ച മരുന്നുകൾ വില്പന നടത്തിയതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കെതിരെ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>1. നിരോധിച്ച സെപ്റ്റിസൈഡ് എന്ന മരുന്ന് വിൽപന നടത്തിയ മോളി ഫാർമ, കടവന്ത്ര, ഫാർമ ട്രേഡ്, പാലക്കാട് എന്നീ സ്ഥാപനങ്ങൾക്കെതിരെയും മരുന്ന് നിർമ്മാതാവായ എം. എം.സി ഹെൽത്ത്കെയർ എന്ന കമ്പനിക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2. നിരോധിച്ച നിമുസൈഡ് എന്ന മരുന്നു വിൽപന നടത്തിയ കരുണ ഹോസ്പിറ്റൽ, നെടുങ്കണ്ടത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്<br><br>3. നിരോധിച്ച ഗ്ലാറ്റിഫ്ളാക്സിൻ എന്ന മരുന്നു വിൽപന നടത്തിയ പ്രകാശ് മെഡിക്കൽസ്, റാന്നി, മീനച്ചിൽ മെഡിക്കൽ സ്റ്റോർസ്, കോട്ടയം എന്നീ സ്ഥാപനങ്ങൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ